പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2318 **27-10-2026-ൽ മറുപടിയ്ക്ക്**

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, മറ്റു വ്യവസായ സ്ഥാപനങ്ങൾ എന്നിവയെല്ലാം കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ലാഭം നേടുന്ന സാഹചര്യത്തിലായിരുന്നോ; വിശദമാക്കാമോ;

മറുപടി: വ്യവസായ വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സാഹചര്യമല്ല ഉണ്ടായിരുന്നത്.

സ്ഥാപനങ്ങളുടെ യഥാർത്ഥ ലാഭ / നഷ്ട കണക്കുകളും, സാമ്പത്തിക സ്ഥിതിയും അതതു സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തിയാക്കിയ ശേഷമുള്ള സാമ്പത്തിക കണക്കുകളെ അടിസ്ഥാനപ്പെടുത്തി മാത്രമേ വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകാൻ സന്നദ്ധമാകുമോ;

മറുപടി: നിലവിൽ ഉത്പാദനത്തിന് ആനുപാതികമായ ആനുകൂല്യങ്ങൾ (Production incentive) പൊതുമേഖലാ സ്ഥാപനങ്ങളിൽ നൽകിവരുന്നുണ്ട്. മറ്റു നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) കഴിഞ്ഞ അഞ്ചു വർഷത്തിലധികമായി നഷ്ടത്തിൽ തന്നെ തുടരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ അല്ലെങ്കിൽ നഷ്ടത്തിൽ നിന്ന് കരകയറ്റുവാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

മറുപടി: അഞ്ചു വർഷത്തിലധികമായി നഷ്ടത്തിൽ തുടരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തനപരമായ പ്രശ്നങ്ങളും വിശദമായി വിലയിരുത്തി, ഉൽപ്പാദന സംവിധാനങ്ങളുടെ നവീകരണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം, വിപണന സാധ്യതകളുടെ പ്രയോജനപ്പെടുത്തൽ എന്നീ നടപടികളിലൂടെ അവയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ സാങ്കേതികവും സാമ്പത്തികവുമായ പ്രായോഗികത വിലയിരുത്തി ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ അംഗീകരിച്ച വിഷൻ 2031-ന്റെ അടിസ്ഥാനത്തിലുള്ള ആധുനികവത്ക്കരണ വൈവിധ്യവത്ക്കരണ പദ്ധതികൾക്കായിരിക്കും പ്രാമുഖ്യം നൽകുക. വിപണന സാധ്യതയുള്ള അനുയോജ്യമായ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്ക്കരണ പദ്ധതികൾക്കും, കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ പദ്ധതികൾക്കും ആയിരിക്കും മുൻഗണന നൽകുക.

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി നഷ്ടത്തിൽ തുടരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിച്ച കാരണങ്ങൾ പഠിക്കുവാൻ പ്രത്യേകസമിതി രൂപീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുമോ;

<u>മറുപടി:</u> വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ മുഖേന നടത്തി വരുന്നുണ്ട്. പ്രസ്തുത നടപടി പൂർത്തിയായ ശേഷം ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ വാണിജ്യവൽക്കരിച്ച് ഉൽപാദനവും വിപണനവും കൂടുതലാക്കി കേരളത്തിന്റെ അഭിമാന സ്ഥാപനങ്ങളാക്കുവാൻ മാനേജീരിയൽ എബിലിറ്റിയുള്ള ഭരണസംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

<u>മറുപടി:</u> പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും മത്സരശേഷിയും വർദ്ധിപ്പിച്ച് അവയെ വാണിജ്യാടിസ്ഥാനത്തിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും മാനേജീരിയൽ വൈദഗ്ധ്യവും പ്രവൃത്തിപരിചയവുമുള്ളവരെ ഭരണനേതൃത്വത്തിൽ നിയോഗിക്കുന്നതിനുമുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ